(ബി) പൊന്നുംവില നടപടിക്രമങ്ങളിലുള്ള കാലതാമസം മൂലമാണ് ഭൂമി ഏറ്റെടുക്കൽ വൈകുന്നത്.

(സി) ആര്യനാട് - അണിയിലക്കടവ് പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ച് മണ്ണ് പരിശോധന നടത്തിക്കഴിഞ്ഞു. സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി ഉടനെതന്നെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതാണ്. സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ ഉടനെതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ഡി) കീഴാറൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

എഴുപുന്ന-കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

252 (849) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന എഴുപുന്ന-കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഏതു ഘട്ടം വരെയെത്തിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മിക്കാത്തുമൂലം ഇരുപ്രദേശങ്ങളിലുമുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അപ്രോച്ച് റോഡിന് നിർമ്മാണത്തിന് അനുമതി കൊടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അപ്രോച്ച് റോഡിന് അനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പൊന്നുംവില നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) അപ്രോച്ച് റോഡിന്റെ ടെണ്ടർ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly